"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.കെ.എം.ജലാൽ, കാവലക്കൽ ഹൗസ്, ചെറുവത്തൂർ.പി.ഒ, എറണാകുളം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.479/2026/ID തീയതി,തിരുവനന്തപുരം, 24-04-2026

---

പരാമർശം:-

1. എറണാകുളം ജില്ലാ ജിയോളജിസ്റ്റിന്റെ 16.03.2022 തീയതിയിലെ ഡിഒഇ/812/ഇ2/2021 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
2. ശ്രീ.കെ.എം.ജലാൽ, കാവലക്കൽ ഹൗസ്, ചെറുവത്തൂർ.പി.ഒ, എറണാകുളം 08.06.2022 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 12.01.2023 തീയതിയിലെ 3052/എം3/2022 നമ്പർ കത്ത്.
4. WP(C)7866/2024 നമ്പർ ഹർജിയിൽ ബഹു.ഹൈക്കോടതി 01.03.2024ൽ പുറപ്പെടുവിച്ച വിധിന്യായം.

**<u>ഉത്തരവ്</u>**

കോതമംഗലം താലൂക്കിലെ കോട്ടപ്പടി വില്ലേജിൽ സർവ്വേ നം. 307/1എ/18/11, 307/1എ/23/15, 307/1എ/16/9, 307/1എ/17/10, 307/1സി എന്നിവയിൽപ്പെട്ട 0.9905 ഹെക്ടർ സ്ഥലത്തു നിന്നും അനുവദിച്ച ക്വാറിയിംഗ് പെർമിറ്റിന്റെ മറവിൽ പെർമിറ്റ് ഏരിയയുടെ പുറത്തു നിന്നും, 43524.3 മെട്രിക് ടൺ മണ്ണും, 178359.75മെ.ടൺ കരിങ്കല്ലും അനധികൃതമായി നീക്കം ചെയ്തതായും, പെർമിറ്റ് ഏരിയായിൽ നിന്നും അനുവദിച്ചതിനേക്കാൾ അധികമായി 241305 മെ.ടൺ കരിങ്കല്ലും അനധികൃതമായി നീക്കം ചെയ്തതായി സ്ഥലപരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ആയതിനെതിരെ ചട്ടം പ്രകാരം നടപടി സ്വീകരിക്കാതിരിക്കുന്നതിന് കാരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് 16.03.2022 തീയതിയിൽ പരാമർശം (1) പ്രകാരം ലഭ്യമാക്കിയ കാരണം കാണിക്കൽ നോട്ടീസിനെതിരെ ശ്രീ.കെ.എം.ജലാൽ, കാവലക്കൽ ഹൗസ്, ചെറുവത്തൂർ.പി.ഒ, എറണാകുളം 08/06/2022 തീയതിയിൽ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)7866/2024 നമ്പർ ഹർജിയിൽ ബഹു.ഹൈക്കോടതി 01.03.2024ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജി വിധിന്യായം ലഭ്യമായി 4 മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനും, ഹർജിയോടൊപ്പം സമർപ്പിച്ച സ്റ്റേ പെറ്റിഷൻ 1 മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനും ഒന്നാം എതിർകക്ഷിയായ വ്യവസായ വകുപ്പ്

ജോയിന്റ് സെക്രട്ടറിക്ക നിർദ്ദേശം നൽകിയതിനെ്റയും അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 25.10.2024 ന് അപ്പീൽ അധികാരി നേരിൽ കേട്ടു.

3. അപ്പീൽകക്ഷി ചുവടെ ചേർക്കുംപ്രകാരം വാദിച്ചു.

അപ്പീൽ കക്ഷി 2010 ൽ ക്വാറീയിംഗിനായി കോട്ടപ്പടി വില്ലേജിൽ വസ്തു വാങ്ങി. അപ്പോൾ ആ വസ്തുവിൽ ക്വാറീയിംഗ് പിറ്റ് ഉണ്ടായിരുന്നു. വാങ്ങുന്നതിനു മുൻപ് ആ സ്ഥലം പരിശോധിച്ച് ഡ്യൂസ് എന്തെങ്കിലും ഉണ്ടോയെന്ന് നോക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ജിയോളജിസ്റ്റ് അത് ചെയ്തില്ല. പെന്റിംഗ് ഡ്യൂസ് ഒന്നും ഇല്ല എന്ന അനുമാനത്തിൽ കക്ഷി ആ ക്വാറി വാങ്ങി. അപ്പോൾ 45 ലക്ഷം രൂപ ഒടുക്കുവാൻ ജിയോളജിസ്റ്റ് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത തുക ഒടുക്കി. പിന്നീട് ഇടയ്ക്കിടയ്ക്ക് വകുപ്പിൽ നിന്നു പരിശോധന നടത്തിക്കൊണ്ടിരിക്കുന്നു. പിന്നീട് അസിസ്റ്റന്റ് ജിയോളജിസ്റ്റും റവന്യൂ ഉദ്യോഗസ്ഥരും കൂടി സ്ഥല പരിശോധന നടത്തുകയും ആരോ പരാതി നൽകിയെന്ന് പറഞ്ഞ് ക്വാറി അളക്കുന്നതിന് കക്ഷിക്ക് നോട്ടീസ് നൽകുമെന്നറിയിക്കുകയും ചെയ്തു. എന്നാൽ പിന്നീട് ഈ കാരണം കാണിക്കൽ നോട്ടീസാണ് കക്ഷിക്ക് ലഭിച്ചത് അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ച് അളവെടുപ്പ് നടത്തിയിട്ടില്ല. പുതിയ പെർമിറ്റിനുള്ള അപേക്ഷ നൽകിയിട്ട് അനുമതിയും നൽകിയിട്ടില്ല. ജിയോളജിസ്റ്റിന്റെ നിയമ വിരുദ്ധമായ ഈ പ്രവർത്തിയിൽ നിന്നും തനിക്ക് വൻ സാമ്പത്തിക നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അതിനാൽ ഈ കാരണം കാണിക്കൽ നോട്ടീസിന് സ്റ്റേ നൽകി പുതിയ അനുമതിക്ക് വേണ്ടി അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം ജിയോളജിസ്റ്റിന് നൽകേണ്ടതാണ്.

4. അപ്പീൽ അപേക്ഷയിൻമേൽ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ പരമർശം (3) പ്രകാരമുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കോതമംഗലം താലൂക്കിൽ കോട്ടപ്പടി വില്ലേജിൽ സർവ്വേ നം.307/1A/18/11, 307/1A/23/15, 307/1A/16/9, 307/1A/17/10, 307/1C - ൽ പ്പെട്ട 0.9905 ഹെക്ടർ സ്ഥലത്തു നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ശ്രീ. കെ. എം. ജലാൽ, കവലയ്ക്കൽ വീട്, ചെറുവട്ടൂർ പി. ഒ, കോതമംഗലം എന്നവർക്ക് 7/05/2021 തീയതിയിലെ 02/21-22/MM/GS/QP/DOE/812/E2/21 നമ്പർ പ്രകാരം ക്വാറീയിംഗ് പെർമിറ്റിന് അനുവദിച്ച സ്ഥലം തട്ടേക്കാട് പക്ഷി സങ്കേതത്തിന് 10 കിലോമീറ്റർ ദൂരപരിധിക്കുള്ളിലാണ് സ്ഥിതി ചെയ്യുന്നത് എന്നതിനാൽ വൈൽഡ് ലൈഫ് ബോർഡിന്റെ N O C ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കാത്തതിനാൽ 25/10/2021 തീയതിയിൽ പ്രസ്തുത ക്വാറിക്ക് നിരോധന ഉത്തരവ് നൽകിയിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ നം.24095/2021 എന്ന കേസിലെ 10/11/2021 ലെ ഉത്തരവിനനുസൃ തമായി 12/11/2021 തീയതിയിൽ നിരോധന ഉത്തരവ് പിൻവലിക്കു കയും ചെയ്തിരുന്നു.

ജില്ലാ ഓഫീസിൽ നിന്നും 11/11/2021 ന് നടത്തിയ സ്ഥലപരി ശോധനയിൽ ക്വാറീയിംഗ് പെർമിറ്റ് ഏര്യായുടെ പുറത്തായി വ്യാപകമായ ഖനന പ്രവർത്തനം നടത്തിയതായി കണ്ടു. തുടർന്ന് 7/12/2021 തീയതിയിൽ കോതമംഗലം താലൂക്ക് സർവ്വേയർക്കൊപ്പം ക്വാറി ഉടമയുടെ മാനേജർ ശ്രീ. ജിജോ എന്നയാളുടെ സാന്നിദ്ധ്യത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തി മഹസ്സറും തയ്യാറാക്കി. 29/10/2021തീയതിയിൽ ജില്ലാ ഓഫീസിൽ ലഭിച്ച എറണാകുളം ജില്ലാ കളക്ടറുടെ കത്തിൽ ശ്രീ. ജലാൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കുന്നത്താൻ ഗ്രാനൈറ്റ്സ്

അനധികൃതവും അശാസ്ത്രീയവും നിയമ വിരുദ്ധവുമായ കരിങ്കൽ ഖനനം നടത്തുന്നതായും സർക്കാരിന് റവന്യൂ നഷ്ടവും പാരിസ്ഥിതി നാശവും ഉണ്ടാകുന്നതായും പോലീസ് അഡീഷണൽ ജനറൽ (ഇന്റലിജൻസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തുടർനടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

ക്വാറീയിംഗ് പെർമിറ്റിലേയും മൈനിംഗ് പ്ലാനിലേയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ബെഞ്ചുകൾ ഇല്ലാതെ കട്ടുംകുത്തായി പെർമിറ്റ് ഏര്യായുടെ അകത്തും പുറത്തുമായി ആഴത്തിൽ ഖനനം നടത്തിയിട്ടുള്ള തായി ജില്ലാ ഓഫീസ് നടത്തിയ സ്ഥലപരിശോധനകളിൽ ബോധ്യപ്പെട്ടി ട്ടുള്ളതാണ്.

7/02/2022 തീയതിയിൽ കോതമംഗലം തഹസിൽദാർ സംയുക്ത സ്ഥലപരിശോധന സ്കെച്ച് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരന്റെ ക്വാറിയിൽ പെർമിറ്റ് ഏര്യായുടെ അകത്തും പുറത്തും നടന്ന അനധികൃത ഖനനത്തിന്റെ അളവ് കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

പെർമിറ്റ് ഏര്യായുടെ പുറത്തുനിന്നും ഖനനം ചെയ്തെടുത്ത മണ്ണിന്റെ അളവ് = 43524.2 MT
പെർമിറ്റ് ഏര്യായുടെ ഉള്ളിൽ നിന്നും ഖനനം ചെയ്തെടുത്ത മണ്ണിന്റെ അളവ് = 41900.2 MT
മോഡിഫൈഡ് മൈനിംഗ് പ്ലാൻ പ്രകാരം മേൽമണ്ണും ഓവർബർഡനും = 471 + 254 = 725M3 = 1450 MT
പെർമിറ്റ് ഏര്യായുടെ പുറത്തുനിന്നും ഖനനം ചെയ്തെത്തിട്ടുള്ള കരിങ്കല്ലിന്റെ അളവ് = 178359.75 MT
പെർമിറ്റ് ഏര്യായുടെ ഇള്ളിൽ നിന്നും ആകെ ഖനനം ചെയ്തിട്ടുള്ള കരിങ്കല്ലിന്റെ അളവ് = 326238 MT
മോഡിഫൈഡ് മൈനിംഗ് പ്ലാൻ പ്രകാരം 17/06/2020 മുതൽ 28/4/2021 വരെ ആകെ ഖനനം ചെയ്ത കരിങ്കല്ലിന്റെ അളവ് = 119362 MT
(ഇതിൽ 63838 മെ. ടൺ കരിങ്കല്ല് അധികം ഖനനം ചെയ്തതിന് പിഴ ഈടാക്കിയിട്ടുള്ളതാണ്.)
2021-22 വർഷത്തിലെ ഉൽപ്പാദനം (ക്വാറീയിംഗ് പെർമിറ്റ് പ്രകാരം 7/05/2021 മുതൽ 6/5/2022 വരെ) = 49891 MT
അനധികൃതമായി പെർമിറ്റ് ഏര്യായുടെ ഇള്ളിൽനിന്നും ഖനനം ചെയ്തിട്ടുള്ള കരിങ്കല്ലിന്റെ അളവ് = 326238 - (119362 + 49891) = 326238 - 169253 MT = 156985 MT
അനധികൃതമായി പെർമിറ്റ് ഏര്യായുടെ പുറത്തു നിന്നും സാധാരണ മണ്ണ് ഖനനം ചെയ്തെതിന് 108(2) പ്രകാരമുള്ള പെനാലിറ്റി = 26,11,452/-
അനധികൃതമായി ഖനനം ചെയ്തെടുത്ത കരിങ്കല്ലിന്റെ പെനാലിറ്റി = 178359.75 + 156985 = 335344.75 MT = Rs.2,41,44,822/-

തുടർന്ന് 16/03/2022 തീയതിയിൽ ഹർജിക്കാരന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 1/04/2022 തീയതിയിൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാരണംകാണിക്കൽ നോട്ടീസിനെതിരെ ആണ് അപ്പീൽ പെറ്റീഷൻ നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ടി ക്വാറിയുടെ മൈനിംഗ് പ്ലാൻ പ്രകാരം ടോട്ടൽ മൈനിബിൾ റിസേർവ് 278482 മെ. ടൺ ആണ്. പെർമിറ്റ് ഏര്യായുടെ ഉള്ളിൽ നിന്നും ആകെ ഖനനം ചെയ്തെടുത്ത കരിങ്കല്ലിന്റെ അളവ് 326238 മെ. ടൺ ആണ്. ടി സ്ഥലത്തെ ടോട്ടൽ മൈനബിൾ റിസേർവിനേക്കാൾ വളരെയധികം ഖനനം ചെയ്ത് കടത്തിയിട്ടുള്ളതും മൈനിംഗ് പ്ലാൻ പ്രകാരം

ക്വാണ്ടിറ്റി അവശേഷിക്കുന്നില്ല എന്നതിനാലും 1/04/2022 മുതൽ ടിയാൾക്ക് മൂവ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടില്ലാത്തതാണ്.

21/02/2022 തീയതിയിൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കത്ത് ജില്ലാ ഓഫീസിൽ ലഭിക്കുകയുണ്ടായി വനഭൂമിയോട് ചേർന്ന് പ്രവർത്തിക്കുന്ന ഹർജിക്കാരന്റെ പാറമട, വന്യജീവികളുടെ സ്വൈര വിഹാരത്തിന് തടസ്സമാകുന്നു എന്നും കോട്ടപ്പാറ റിസർവ്വിൽ കടന്നുപോകുന്ന ഒരു തോടിന്റെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ടുത്തിയാണ് പാറമടയിലേക്കുള്ള റോഡ് നിർമ്മിച്ചിരിക്കുന്നത് എന്നും സ്ഫോടക വസ്തുക്കൾ തുടർച്ചയായി ഉപയോഗിച്ച് ഖനനം നടത്തുന്നതു കാരണം വനമേഖലയിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യതയുണ്ട് എന്നും വനത്തിനും വന്യജിവികൾക്കും ഭീഷണിയായി നിലനിൽക്കുന്ന ടി പാറമടയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് കത്തിൽ പറഞ്ഞിരുന്നത്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കത്തിൽ പറഞ്ഞിട്ടുള്ളത് പരിസ്ഥിതി സംബന്ധിച്ച വിഷയമാകയാൽ പ്രസ്തുത കത്ത് 21/03/2022 തീയതിയിൽ സംസ്ഥാന പാരിസ്ഥിതികാഘാത നിർണ്ണയ അതോറിട്ടിയ്ക്ക് അയച്ചു നൽകുകയും ചെയ്തു. തുടർന്ന് 8/06/2022 തീയതിയിൽ ഹർജിക്കാരന്റെ ക്വാറിയുടെ പാരിസ്ഥിതികാനുമതി താൽക്കാലികമായി റദ്ദു ചെയ്തതായും കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതായും അതോറിട്ടി അറിയിച്ചിട്ടുണ്ട്.

ക്വാറീയിംഗ് പെർമിറ്റിലേയും മൈനിംഗ് പ്ലാനിലേയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും അനുവദിച്ച അളവിലും അധികമായി ഖനനം നടത്തിയും ക്വാറി ഉടമ 2015 ലെ KMMC ചട്ടങ്ങളിലെ പല ഉപ ചട്ടങ്ങളും ലംഘിച്ചിട്ടുള്ളതാണ്. ആയത് ചുവടെ ചേർക്കുന്നു.

Rule 10 (a) Proviso:-

"Provided that in the cases of quarries of granite (building) stones) and laterite (building stones) where the depth of the pit exceeds 6 meters, the sides of open workings shall be sloped, stepped or benched or secured by the permit holder in such a manner so as to prevent slope failure. When an open working is worked in steps such steps shall be of sufficient breadth in relation to their height to secure safety. In an excavation in any hard and compact ground the sides shall be adequately benched, sloped or secured so as to prevent danger from fall of sides. No trees, loose stone or debris shall be allowed to remain within a distance of three meters from the edge or side of the excavation. No person shall undercut any face or side or cause to permit such cutting so as to cause any overhanging."

Rule 10 (c)

"The permit holder shall not extract and remove excess quantity of the mineral than permitted;'

Rule 10(d)

"The permit holder shall not extract minerals outside the area permitted for extractions;'

Rule 68(1)

"68 Quarrying operations to be in accordance with mining plan [1] Every lessee shall carry out quarrying operations in accordance with the approved mining plan with such conditions as may be prescribed under these rules or with such modifications, if any, as

permitted under these rules or the mining plan or the scheme approved under these rules, as the case may be".

Rule 69(1)

" 69. System of working [1] System of working in granite quarries in sheet rock shall be performed by formation of benches as per the Metalliferous Mines Regulations, 1961, issued under the Mines Act, 1952 (Central Act 35 of 1952]'.

Rule 69(2)

"Such benches on granite deposits and overburden including weathered rocks shall be formed separately and the benches in overburden shall be kept sufficiently in advance so that their working does not interfere with the working of granite".

ക്വാറി ഉടമ ലംഘിച്ച, 2015 ലെ റൂളുകൾ ചുവടെ ചേർക്കുന്നു.

1. Rule 25 -"Prevention of unauthorised transportation of minerals - (1) Every producer or dealer of mineral or its products under these rules shall give valid mineral transit passes in Form O(A) or O (B), as the case may be, to every purchaser or person in-charge of the carrier transporting the mineral from any mine or sale depot or mineral value addition until or mineral processing unit in the manner stipulated in rule 26".

2. Rule 26 - "Preparation and issue of Mineral Transit Passes - (1) Every dealer or producer under these rules, before he sells or transports or causes to transport minerals shall obtain mineral transit passes in Form O (A) of these rules with the name seal and signature of the authorised officer concerned."

നിയമവിധേയമായി ക്വാറീയിംഗ് പെർമിറ്റ്, മൈനിംഗ് പ്ലാൻ എന്നിവയ്ക്ക് അനുസൃതമായി ക്വാറി ഉടമ ഖനനം നടത്തിയിട്ടില്ല. പെർമിറ്റ് ഏര്യായുടെ ഉള്ളിൽ നിന്നും അനുവദിച്ച അളവിനേക്കാൾ വളരെയധികം പൊട്ടിച്ച് കടത്തിയിട്ടുള്ളതും അനുമതിയുടെ മറവിൽ പെർമിറ്റ് ഏര്യായ്ക്ക് പുറത്തു നിന്നും വൻതോതിൽ അനധികൃത ഖനനം നടത്തിയിട്ടുള്ളതുമാണ്. ടിയാളുടെ അനധികൃത ഖനനം നിമിത്തം വനഭൂമിയുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടിയതായി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും പാരിസ്ഥിതികാഘാത നിർണ്ണയ അതോറിട്ടി ടി ക്വാറിയുടെ പാരിസ്ഥിതികാനുമതി താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ക്വാറി ഉടമ നടത്തിയ അനധികൃത ഖനനം നിമിത്തം സർക്കാരിനുണ്ടായ നഷ്ടം നികത്തുന്നതിന് ടിയാൾക്കെതിരെ KMMC ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അനുവദിക്കേണ്ടതാണ്.

5. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. 29/10/2021തീയതിയിൽ ജില്ലാ ഓഫീസിൽ ലഭിച്ച എറണാകുളം ജില്ലാ കളക്ടറുടെ കത്തിൽ ശ്രീ. ജലാൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കുന്നത്താൻ ഗ്രാനൈറ്റ്സ് അനധികൃതവും അശാസ്ത്രീയവും നിയമ വിരുദ്ധവുമായ കരിങ്കൽ ഖനനം നടത്തുന്നതായും സർക്കാരിന് റവന്യൂ നഷ്ടവും പാരിസ്ഥിതി നാശവും ഉണ്ടാകുന്നതായും പോലീസ് അഡീഷണൽ ജനറൽ (ഇന്റലിജൻസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തുടർനടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ജില്ലാ ഓഫീസിൽ നിന്നും 11/11/2021 ന് നടത്തിയ സ്ഥലപരിശോധനയിൽ ക്വാറീയിംഗ് പെർമിറ്റ് ഏര്യായുടെ പുറത്തായി വ്യാപകമായ ഖനന പ്രവർത്തനം നടത്തിയതായി കണ്ടു. തുടർന്ന് 7/12/2021 തീയതിയിൽ കോതമംഗലം താലൂക്ക് സർവ്വേയർക്കൊപ്പം ക്വാറി ഉടമയുടെ മാനേജർ ശ്രീ. ജിജോ

എന്നയാളുടെ സാന്നിദ്ധ്യത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തി മഹസ്സറും തയ്യാറാക്കി. ടിയാളുടെ അനധികൃത ഖനനം നിമിത്തം വനഭൂമിയുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടിയതായി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും പാരിസ്ഥിതികാഘാത നിർണ്ണയ അതോറിട്ടി ടി ക്വാറിയുടെ പാരിസ്ഥിതികാനുമതി താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷിയുടെ വാദത്തിൽ കഴമ്പുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ അനധികൃത ഖനനത്തിനുള്ള പെനാലിറ്റി ഈടാക്കുന്നതിന് KMMC ചട്ടം 108 പ്രകാരം നടപടിക്രമങ്ങൾ പാലിച്ച്കൊണ്ട് അടിയന്തിര നടപടികൾ സ്വീകരിക്കുവാനും, പുതിയ പെർമിറ്റിനുള്ള അപേക്ഷയിൽ അതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് KMMC ചട്ടം പ്രകാരമുള്ള അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാനും ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം ശ്രീ.കെ.എം.ജലാൽ, കാവലക്കൽ ഹൗസ്, ചെറുവത്തൂർ.പി.ഒ, എറണാകുളം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ.കെ.എം.ജലാൽ, കാവലക്കൽ ഹൗസ്, ചെറുവത്തൂർ.പി.ഒ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with CL)

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, എറണാകുളം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 24-04-2026 14:55:19